# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3069 — 21-06-2013 ൽ മറുപടിയ്ക്ക്

## നെൽക്കൃഷി വ്യാപിപ്പിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര ഹെക്ടറിൽ പുതുതായി നെൽക്കൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കനുസരിച്ച് 2010-2011 ൽ 2.13 ലക്ഷം ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2011-2012 ആയപ്പോൾ 2.08 ലക്ഷം ഹെക്ടറായി ചുരുങ്ങുകയുണ്ടായി. ഉല്പാദനക്ഷമത 2010-2011 ൽ 2452 കി/ഹെക്ടർ ആയിരുന്നത് 2011-2012 ൽ 2733 കി/ഹെക്ടർ ആയി വർദ്ധിച്ചു. 2012-2013 വർഷത്തെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | നെല്ല് ഉല്പാദനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഓരോ വർഷവും എത്ര ശതമാനം വീതം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | 2010-2011 ൽ ഉല്പാദനം 522740 മെട്രിക് ടണ്ണും 2011-2012 ൽ ഉല്പാദനം 568993 മെട്രിക് ടണ്ണുമാണ്. 2011-2012 വർഷം ഉല്പാദനത്തിൽ 8.8% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2012-2013 ലെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ